<u>പതിമൂന്നാം കേരള നിയമസഭ</u>

<u>നാലാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത</u> <u>23/03/2012-ൽ മറുപടിക്ക്</u>

<u>ചോദ്യം നമ്പർ. 2184</u>

<u>കുടുംബശ്രീയ്ക്കു കീഴിലുള്ള സംഘകൃഷി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ അൻവർ സാദത്ത്<br>ശ്രീ എ.റ്റി.ജോർജ് | **ശ്രീ. എം.കെ.മുനീർ**<br>**പഞ്ചായത്തും സാമൂഹ്യക്ഷേമവും** വകുപ്പുമന്ത്രി |
| (എ) കുടുംബശ്രീയ്ക്ക് കീഴിലുള്ള സംഘകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | (എ) സംഘകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കുടുംബശ്രീയുടെ 'സമഗ്ര' പദ്ധതി പ്രകാരവും, കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന പ്രകാരവുമുള്ള പ്രോജക്ടുകളാണ് നിലവിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. |
| (ബി) സംഘകൃഷിക്ക് പലിശരഹിത വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) സംഘകൃഷി ചെയ്തുവരുന്ന ഗ്രൂപ്പുകൾക്കായി പലിശ സബ്സിഡി വായ്പ പദ്ധതി നിലവിലുണ്ട്. 7% കാർഷിക വായ്പയ്ക്ക് 5% ആണ് ഗവൺമെന്റ് സബ്സിഡി നൽകുന്നത്. കൂടാതെ കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന ഗ്രൂപ്പുകൾക്ക് 1% ബാങ്ക് സബ്സിഡിയും ലഭ്യമാക്കുന്നുണ്ട്. |
| (സി) സംഘകൃഷി നടപ്പാക്കുന്നതിൽ നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കൃഷി വകുപ്പുമായി ചേർന്നുള്ള ഏകോപന സംവിധാനത്തെകുറിച്ച് ആലോചിക്കുമോ ;<br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (സി) & (ഡി) സംഘകൃഷി നടപ്പാക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി കുടുംബശ്രീ സംരംഭകർക്ക് കാർഷിക രംഗത്ത് ഇതര വകുപ്പുകളിൽ നിന്ന് (കൃഷി വകുപ്പ്, മൃഗസംരക്ഷണവകുപ്പ്, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി മുതലായവ) പിന്തുണാസഹായം ലഭ്യമാക്കുന്നതിന് കൃഷി-മൃഗസംരക്ഷണ വകുപ്പ് മന്ത്രി ചെയർമാനായും, പഞ്ചായത്ത്-സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി വൈസ്ചെയർമാനായും, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറായും സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയും, ജില്ലാ |

പഞ്ചായത്ത് പ്രസിഡന്റ് (ഡി.പി.സി. ചെയർപേഴ്സൻ) ചെയർമാനായും കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കൺവീനറായും ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റിയും, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ചെയർമാൻ/മേയർ അദ്ധ്യക്ഷ നായി രൂപീകരിച്ചിട്ടുള്ള വിലയിരുത്തൽ സമിതി പഞ്ചായത്ത്/ നഗരസഭ തല കോ-ഓർഡിനേഷൻ കമ്മിറ്റിയായും രൂപീ കരിച്ച് ചുമതലകൾ നൽകി സർക്കാർ ഉത്ത രവ് പുറപ്പെടുവിച്ചിട്ടുണ്ട്

കൂടാതെ കാർഷികമേഖല യിൽ വനിതാ കർഷകർ നേരിടുന്ന ബുദ്ധി മുട്ടുകൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്ന തിന് കുടുംബശ്രീ ഗവേണിംഗ്ബോഡി അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സബ്ക മ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ